To
FMIS
5/10/18
PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,
തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.05.10.2018

### പ്രകൃതി ദുരന്തം: സഹവർത്തിത്വം കാലഘട്ടത്തിന്റെ ആവശ്യം

പ്രകൃതിദുരന്തങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമിയിലെ മറ്റു ജീവജാലങ്ങളുമായി സഹവർത്തിച്ചുപോകുന്ന ഒരു മനോഭാവം വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് വനം വകുപ്പുമന്ത്രി അഡ്വ.കെ.രാജു പറഞ്ഞു. വന്യജീവി വാരാചരണത്തിന്റെ ഭാഗമായി വനം ആസ്ഥാനത്ത് സംഘടിപ്പിച്ച **നമ്മുടെ അതിജീവനം: വനങ്ങളും വന്യജീവികളും** എന്ന ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വനങ്ങളുടെ നിലനിൽപ്പ് വന്യജീവികളെ ആശ്രയിച്ചാണെന്നും, വനങ്ങളും വന്യജീവികളുമുണ്ടെങ്കിലേ മനുഷ്യന്റെ ശാശ്വതമായ ജീവസന്ധാരണം സാദ്ധ്യമാവുകയുള്ളൂവെന്നും മന്ത്രി ഓർമ്മിപ്പിച്ചു. ഈ ഭൂമി മനുഷ്യനു മാത്രം ഉള്ളതല്ല. വന്യജീവികൾ പാരിസ്ഥിതിക - ഭക്ഷ്യശൃംഖലയിലെ പ്രധാന ഘടകങ്ങളാണ്. ഏതൊരു വന്യജീവിയുടെയും വംശനാശം പരിസ്ഥിതിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. പരസ്പരമുള്ള ആശ്രയത്തിലൂടെ മാത്രമേ പ്രകൃതിയിൽ സന്തുലിതാവസ്ഥ നിലനിൽക്കുകയുള്ളൂവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മനുഷ്യ- വന്യജീവി സംഘർഷം തടയുന്നതിന്റെ ഭാഗമായി കാട്ടുപന്നികളെ നിയന്ത്രണ വിധേയമായി ഉന്മൂലനം ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും വനം മന്ത്രി കൂട്ടിച്ചേർത്തു.

അരണ്യം വന്യജീവിവാരപ്പതിപ്പിന്റെയും എം.എസ്. ജോയ് എഴുതിയ 'ഇന്ത്യൻ വന്യജീവികൾ' എന്ന പുസ്തകത്തിന്റെയും പ്രകാശനവും മന്ത്രി നിർവ്വഹിച്ചു. വനം വകുപ്പു മേധാവി പി.കെ. കേശവൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ കെ.എ. മുഹമ്മദ് നൗഷാദ്, എ.കെ. ധർണി, ബെന്നിച്ചൻ തോമസ് എന്നിവർ സംബന്ധിച്ചു.

തുടർന്ന്, **കേരളത്തിന്റെ അതിജീവനം: പ്രകൃതിയുടെ കൈകളിലൂടെ** എന്ന വിഷയത്തിൽ മുരളി തുമ്മാരുകുടിയും **കേരളത്തിന്റെ സുസ്ഥിരി വികസനവും പശ്ചിമഘട്ടവും** എന്നവിഷയത്തിൽ ഡോ.രാജൻ ഗുരുക്കളും സോദാഹരണ പ്രഭാഷണങ്ങൾ നടത്തി. പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കുന്നതിൽ യുവജനങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ തുടർന്ന് നടന്ന പാനൽ ചർച്ചയിൽ നാഷണൽ ഗ്രീൻ കോർപ്സ് എനർജി മാനേജ്മെന്റ് സെന്റർ ജില്ലാ കോ-ഓർഡിനേറ്റർ ഡോ. ഹാമിദലി വാഴക്കാട്, മാധ്യമ പ്രവർത്തക ആരതി, വിദ്യാർത്ഥി പ്രതിനിധികളായ ഫർസാന എസ്. അലി, അശ്വിൻ, ഹാജിറ എസ്, ജിഷ്ണു എന്നിവർ സംസാരിച്ചു. മുൻ ചീഫ് വൈൽഡ്ലൈഫ് വാർഡൻ കെ.ജെ. വറുഗ്ഗീസ് മോഡറേറ്റർ ആയിരുന്നു.

ശില്പശാലയിൽ പങ്കെടുത്ത സ്കൂളുകൾക്കായുള്ള അരണ്യം മാസികയുടെ സൗജന്യ വാർഷിക സബ്സ്ക്രിപ്ഷൻ വിതരണം പി.സി.സി.എഫ്. (സോഷ്യൽ ഫോറസ്ട്രി) കെ. എ. മുഹമ്മദ് നൗഷാദ് നിർവ്വഹിച്ചു. എ.ബി.പി. ഫോറസ്റ്റ് കൺസർവേറ്റർ പി.പി. പ്രമോദ് ശില്പശാലയുടെ സംക്ഷിപ്ത അവതരണം നടത്തി.

വന്യജീവി വാരാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ തയ്യാറാക്കിയ പോസ്റ്ററുകളുടെ അവതരണം വനം ആസ്ഥാനത്തെ പൈതൃക മന്ദിരത്തിൽ നടന്നു. തിരുവനന്തപുരത്തെ സ്കൂൾ/ കോളേജുകൾ എന്നിവയിൽ നിന്നുള്ള നാന്നൂറോളം വിദ്യാർത്ഥികളാണ് പരിപാടിയിൽ പങ്കെടുത്തത്. എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത സ്കൂളുകളിൽ വിദ്യാർത്ഥികൾക്കായി ശില്പശാലയുടെ തത്സമയ പ്രക്ഷേപണവും വനം വകുപ്പ് ഒരുക്കിയിരുന്നു.

Photo Attached

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-42